**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4178

20.03.18 - ൽ മറുപടിക്ക്.

## ശുചിത്വ മിഷൻ

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. പി. കെ. ശശി<br>ശ്രീ. കെ. ദാസൻ<br>ശ്രീ. പി. വി. അൻവർ<br>ശ്രീ. എം. മുകേഷ് | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഒരു സമ്പൂർണ്ണ ശുചിത്വ പ്രദേശമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള ശുചിത്വ മിഷന്റെ വിശദാംശം അറിയിക്കാമോ; | (എ) സംസ്ഥാനത്ത് എല്ലാ കുടുംബങ്ങൾക്കും ശുചിത്വ സൗകര്യം ഉറപ്പാക്കി വെളിയിടവിമുക്തമാക്കുക, പൊതു ശുചിത്വ സൗകര്യങ്ങൾ സൃഷ്ടിക്കുക, ഗാർഹികയിടങ്ങളിലും പൊതു സ്വകാര്യ സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ഉത്പാദകന്റെ ഉത്തരവാദിത്വത്തിൽ കമ്പോസ്റ്റിംഗ് ബയോമെതനേഷൻ രീതികളിൽ സംസ്കരിക്കുക. അജൈവമാലിന്യം ശേഖരിച്ച്, തരംതിരിച്ച് പുന:ചംക്രമണം ഉറപ്പാക്കുക, റീ സൈക്ളിങ്ങിന് വിധേയമാക്കുവാൻ സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ് ചെയ്ത് ടാറിങ്ങിനായി ഉപയോഗിക്കുക, പുന:ചംക്രമണം നടത്തുന്നതിനനുസൃതമായ ശുചിത്വ സംസ്കാരം പൗരന്മാരിൽ സൃഷ്ടിക്കുക, ദ്രവമാലിന്യം സുരക്ഷിതമായി സംസ്കരിക്കുക. സെപ്റ്റേജ് സംസ്കരിക്കുന്നതിന് പശ്ചാത്തല സൗകര്യം സൃഷ്ടിക്കുക മുതലായവയാണ് സംസ്ഥാനം സമ്പൂർണ്ണ ശുചിത്വ പ്രദേശമായി മാറ്റുകയെന്ന ലക്ഷ്യത്തോടെ ശുചിത്വ മിഷൻ ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ. ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾക്കനുസൃതമായി മാലിന്യ സംസ്കരണ പരിപാലന പ്രവർത്തികളിൽ ജനപങ്കാളിത്തമുറപ്പാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പിന്തുണയും സർക്കാർ സഹായധനവുമാണ് ശുചിത്വ മിഷൻ മുഖേന നൽകി വരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സംസ്ഥാനാവിഷ്കൃത പദ്ധതിയായ ശുചിത്വ കേരളം (ഗ്രാമം), ശുചിത്വ കേരളം (അർബൻ) സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും ശുചിത്വ മിഷൻ സ്വീകരിച്ചു വരുന്നു. |

(ബി) പദ്ധതിയുടെ ഭാഗമായി സംസ്ഥാനം വെളിയിട വിസർജ്ജന വിമുക്തമാക്കി മാറ്റുന്നതിന് സാധ്യമായിട്ടുണ്ടോ; ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) 941 ഗ്രാമ പഞ്ചായത്തുകളിൽ പുതിയതായി 1,74,720 കുടുംബങ്ങളിൽ വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ നിർമ്മിച്ച് നൽകിയാണ് സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങളെ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി 2016 നവംബർ 1 ന് പ്രഖ്യാപിച്ചത്. നഗരപ്രദേശങ്ങളെ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമാക്കി പ്രഖ്യാപിക്കുന്നതിനാവശ്യമായ 29578 ഗാർഹിക ശൗചാലയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ഔദ്യോഗിക പ്രഖ്യാപനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

നഗര-ഗ്രാമ പ്രദേശങ്ങളിൽ നാളിതുവരെ 1286 പൊതു ശൗചാലയങ്ങൾ പണി കഴിപ്പിച്ചിട്ടുണ്ട്.

ശൗചാലയങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് പരിശീലനം ലഭിച്ച റിസോഴ്സ്പേഴ്സൺമാരുടെ സേവനം ഉപയോഗിച്ചിരുന്നു. വോളണ്ടിയർമാർ മുഖേന ഗൃഹസന്ദർനം നടത്തി മാലിന്യ പരിപാലന മാർഗ്ഗങ്ങൾ ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിവിധ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും സംഘടിപ്പിച്ചിരുന്നു.

(സി) പദ്ധതിയുടെ ഭാഗമായി നഗര ഗ്രാമ പ്രദേശങ്ങളിൽ പൊതു ശൗചാലയം നിർമ്മിക്കാൻ പദ്ധതിയുണ്ടോ;

(സി) ഉണ്ട്.

(ഡി) എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മ സേന രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; നിലവിൽ എത്രയിടങ്ങളിൽ ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ട്; സേനയുടെ പ്രവർത്തനോദ്ദേശ്യം വ്യക്തമാക്കാമോ?

(ഡി) ഉണ്ട്.

നിലവിൽ ആകെ 775 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മ സേന രൂപീകരിച്ചിട്ടുണ്ട്.

തദ്ദേശ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന യൂസർ ഫീസിന്റെ അടിസ്ഥാനത്തിൽ അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് തദ്ദേശ സ്ഥാപന തലത്തിൽ . സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുക, ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് മേൽനോട്ടം വഹിക്കുക; സ്ഥാപിക്കപ്പെടുന്ന സംവിധാനങ്ങൾ ക്രമപ്രകാരമാണോയെന്ന് പരിശോധിക്കുക; മാലിന്യ സംസ്കരണ ഉപാധികളുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന യോഗ്യമാക്കുക, കമ്പോസ്റ്റിംഗ് രീതി സ്വീകരിക്കുക, വീടുകളിലും സ്ഥാപനങ്ങളിലും മാസത്തിലൊരിക്കൽ അതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിക്കുക, പൊതു മാലിന്യ സംസ്കരണ സംവിധാനത്തിൽ പറഞ്ഞിരിക്കുന്ന സേവനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നുവെങ്കിൽ ഏറ്റെടുത്തു നടപ്പിലാക്കുക, ഗ്രീൻ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകൽ, ഹരിതകേരള മിഷൻ തീരുമാനിക്കുന്ന ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, പരിശീലനം നൽകിയ അംഗങ്ങളെ വീടുകളിൽ ജൈവ പച്ചക്കറി കൃഷിയുടെ പരിപാലനത്തിന് അയയ്ക്കുക, സ്വാപ്പ് ഷോപ്പ്, റിപ്പയർ ഷോപ്പ്, പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളുടെ ഉല്പാദനങ്ങൾ നടത്തുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

സെക്ഷൻ ഓഫീസർ